# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 765 09.08.2017-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസി ശിശുമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ടി.ബൽറാം | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഈ സർക്കാർ വന്ന ശേഷം അട്ടപ്പാടിയിൽ എത്ര ആദിവാസി ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ ആകെ 15 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.<br>2016 - 5 എണ്ണം<br>2017 - 10 എണ്ണം |
| ബി) | സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നവജാതശിശുക്കൾക്കും ഗർഭിണികളായ അമ്മമാർക്കും വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടും ശിശുമരണത്തിന്റെ തോത് വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വിശദപഠനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ; | ബി) | വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ 1990 കാലം മുതൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറച്ച് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 2012 മുതൽ 2015 വരെയാണ് ശിശുമരണം കൂടുതൽ ഉണ്ടായിട്ടുള്ളത്. 2013-ൽ 31 ശിശുമരണങ്ങൾ ഉണ്ടായ അട്ടപ്പാടിയിൽ 2016-ൽ 5-ഉം, 2017-ൽ 10-ഉം ശിശുമരണങ്ങൾ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മുൻ വർഷങ്ങളെക്കാൾ മരണ നിരക്ക് കുറഞ്ഞുവരികയാണുണ്ടായത്. പോഷക ആഹാര കുറവു മൂലം ഒരു ശിശുമരണവും ഉണ്ടായിട്ടില്ല.<br>2013-ൽ അട്ടപ്പാടി മേഖലയിൽ ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ യൂണിസെഫ്, ഡോ.ഇക്ബാൽ കമ്മിറ്റി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണം |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് സമഗ്ര പഠനം നടത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'സമൂഹ അടുക്കള പദ്ധതി' ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ അട്ടിമറിച്ചത് അട്ടപ്പാടിയിൽ ശിശുമരണം വർദ്ധിക്കുവാനുള്ള കാരണമായോ;വ്യക്തമാക്കുമോ ; | സി) | ''സമൂഹ അടുക്കള പദ്ധതി" പോലെയുള്ള പദ്ധതികൾ അട്ടിമറിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 53 ഊരുകളിൽ മാത്രമാണ് സാമൂഹ്യ അടുക്കള ഉണ്ടായിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ 192 ആദിവാസി ഊരുകൾക്കു വേണ്ടി 172 സമൂഹ അടുക്കളകൾ ആരംഭിച്ചു. ഈ അടുക്കളകളിൽ നിന്നും ആകെ 15,538 ആൾക്കാർ ഭക്ഷണം കഴിക്കുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 1 വയസ്സു മുതൽ 6 വയസ്സു വരെയുള്ള കുട്ടികൾ, കൗമാര പ്രായക്കാർ, മാനസിക രോഗികൾ, 60 വയസ്സിനു മുകളിലുള്ളവർ, കിടപ്പു രോഗികൾ എന്നിവരാണ് സമൂഹ അടുക്കളയുടെ ഗുണഭോക്താക്കൾ. |
| ഡി) | സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണതോതിൽ അട്ടപ്പാടിയിലെ ആദിവാസികൾക്ക് ലഭിക്കുന്നില്ല എന്നത് ശരിയാണോ ;എങ്കിൽ ഇക്കാര്യത്തിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതി കണ്ടെത്തി പദ്ധതികളുടെ പൂർണ്ണ പ്രയോജനം ആദിവാസികൾക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | ശരിയല്ല. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണതോതിൽ അട്ടപ്പാടിയിലെ ആദിവാസികൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി ഒറ്റപ്പാലം സബ് കളക്ടറെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടു കൂടി നടപ്പാക്കി വരുന്ന പദ്ധതികളുടെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ